# ഡോ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർസെക്കൻഡറി സ്കൂൾ കട്ടേല

കേരള സർക്കാർ 1989-90 ഡോ. അംബേദ്കർ ജനശതാബ്ദി വർഷമായി ആചരിച്ചു. ഇതോടനുബന്ധിച്ച് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗക്കാരുടെയും പ്രാചീനഗോത്ര വർഗ്ഗക്കാരുടെയും കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന നൽകുന്നതിന് വേണ്ടി സർക്കാർ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു.പട്ടിക വർഗ്ഗക്കാരായ കുട്ടികൾക്ക് പബ്ലിക് സ്കൂൾ മാതൃകയിൽ എല്ലാ സൗകര്യങ്ങളും നൽകി വിദ്യാഭ്യാസം നടത്തുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾപ്രസ്തുതവർഷം ആരംഭിച്ചു. കേന്ദ്രസർക്കാരിന്റെ അമ്പതുശതമാനം സഹായം നൽകുന്ന ഒരു വിദ്യാഭ്യാസ പദ്ധതി പ്രയോജനപ്പെടുത്തിയാണ് കേരള സർക്കാർ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. 1990 നവംബർ 14 ന് ജഗതിയിലുള്ള വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. 12/07/1991 ൽ കേശവദാസപുരത്തുള്ള വാടക കെട്ടിടത്തിലേയ്ക്ക് മാറ്റപ്പെട്ടു. പ്രകൃതിസൗന്ദര്യത്താൽ അനുഗ്രഹീതമായ കട്ടേലയിലെ ഗ്രാമപ്രദേശത്തിലെ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചത് 1994 മാർച്ച് മാസത്തിലാണ്. 5 മുതൽ 12 വരെ ക്ലാസ്സുകളാണ് ഇവിടെയുള്ളത്. അഞ്ചാം ക്ലാസ്സിലേയ്ക്ക് പ്രത്യേക പ്രവേശനപരീക്ഷ നടത്തിയാണ് ഓരോ വർഷവും കുട്ടികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ ഒരു ക്ലാസ്സിൽ 35 കുട്ടികൾക്കുള്ള പഠനസൗകര്യമാണ് നടത്തി വരുന്നത്. രക്ഷകർത്താക്കളുടെ വരുമാനം ഒരു ലക്ഷംരൂപയിൽ കൂടുവാൻ പാടില്ലെന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്നു.

1997- 98 അദ്ധ്യയന വർഷത്തിലാണ് കട്ടേല സ്കൂൾ സയൻസ്, കൊമേഴ്സ്, എന്നീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടത്. ഹയർ സെക്കൻഡറിയിൽ എസ്.ടി - 70%, എസ്.സി - 20%, ജനറൽ - 10% എന്ന രീതിയിൽ പ്രവേശനം നടത്തി വരുന്നു. അഞ്ചു മുതൽപന്ത്രണ്ട് വരെ 410 പെൺകുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നു.

ഹയർ സെക്കൻഡറി തലത്തിൽ പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ 12 അദ്ധ്യാപകരും രണ്ട് ലാബ് അസിസ്റ്റന്റുമാരും ഹൈസ്കൂൾ തലത്തിൽ ഹെഡ് മാസ്റ്ററുടെ നേതൃത്വത്തിൽ 12 അദ്ധ്യാപകരും സീനിയർസൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ക്ലർക്ക്, രണ്ട് ഓഫീസ് അസിസ്റ്റന്റ്, മാനേജർ, എംസിആർടി, രണ്ട് ആയ, ഒരു ഹോസ്റ്റൽ കൗൺസിലർ, പത്ത് പാചകക്കാർ, ഒരു മെസ് ഗേൾ, രണ്ട് ഫുൾ ടൈം സ്വീപ്പർ, രണ്ട് പാർട് ടൈം സ്വീപ്പർ, മൂന്ന് സെക്യൂരിറ്റി ജീവനക്കാർ, സ്കൂൾ കൗൺസിലർ എന്നിവരും സേവനം അനുഷ്ഠിക്കുന്നു.

2024- 25 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കൻഡറി സയൻസിൽ 100% കൊമേഴ്സിൽ 92%, എസ് എസ് എൽ സിയിൽ 100% വും വിജയം നേടാൻ കഴിഞ്ഞു. എം ആർ എസ് സ്കൂളുകളെ കേന്ദ്രീകരിച്ച് നടത്തുന്ന സർഗ്ഗോത്സവം

കലാമേളയിൽ മൂന്ന് പ്രാവശ്യം ഒന്നാം സ്ഥാനത്ത് എത്തി ഓവറോൾ ട്രോഫി കരസ്ഥമാക്കാൻ കട്ടേല എം ആർ എസിന് കഴിഞ്ഞു. ജില്ലാ കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും വിദ്യാരംഗം കലാസാഹിത്യവേദി മത്സരങ്ങളിലും വിജയം കരസ്ഥമാക്കി.

2024- 25 അദ്ധ്യയനവർഷത്തിൽ സബ്ജില്ലാ തലത്തിൽ കബഡി, ടേബിൾ ടെന്നിസ് മത്സരങ്ങളിലെ ചാമ്പ്യൻമാർ കട്ടേല സ്കൂളിലെ കുട്ടികളായിരുന്നു. എസ് ടി ഡിപ്പാർട്ട്മെന്റ് വർഷം തോറും നടത്തി വരാറുള്ള കളികളും കായികമേളയിൽ 2024- 25 വർഷവും മികച്ച വിജയങ്ങൾ നേടുവാൻ സാധിച്ചു.

2024- 25 കാലയളവിൽ വർക്ക് എഡ്യുക്കേഷൻ വിഭാഗത്തിൽ നിരവധി പുരസ്കാരങ്ങൾ കട്ടേല സ്കൂൾ നേടുകയുണ്ടായി. ജില്ലാ മത്സരങ്ങളിൽ എച്ച് എസ് വിഭാഗത്തിൽ 18 എ ഗ്രേഡും എച്ച് എസ് എസ് വിഭാഗത്തിൽ 20 എ ഗ്രേഡുകളും ലഭിക്കുകയുണ്ടായി.സംസ്ഥാനതലത്തിൽ ഒരു എ ഗ്രേഡും നേടുകയുണ്ടായി. എൻ സി സി, എൻ എസ് എസ് , എസ് പി സി എന്നീ വിഭാഗങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങൾക്ക് ഡിജിറ്റൽ കംപ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ്സ് റൂമുകളും സജ്ജീകരിച്ചിട്ടുണ്ട്. അഞ്ചാം ക്ലാസ്സിന് ഗണിതത്തിനായി മഞ്ചാടി, ശാസ്ത്രത്തിനു വേണ്ടി മഴവില്ല്, ഭാഷാവിഷയങ്ങൾക്കായി ലാഗ്വേജ് ക്ലാസ്സുകളും ത്രൈവ്, കളക്ടേഴ്സ് സൂപ്പർ ഹൻഡ്രഡ്,ചിത്രരചന, ബാൻഡ്, നൃത്തം എന്നിവയ്ക്ക് പ്രത്യേക പരിശീലന ക്ലാസ്സുകളും നൽകിവരുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പരിമിതി കുട്ടികൾക്ക് പരിശീലനം നടത്തുന്നതിനായി ശരിയായ ഗ്രൗണ്ട് ഇല്ല എന്നതാണ്. കായിക മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ ഇതിന്റെ കുറവ് ശക്തമായി കാണാം. നീന്തൽ പരിശീലിപ്പിക്കുന്നതിന് നീന്തൽക്കുളത്തിന്റെ അഭാവം തടസ്സം സൃഷ്ടിക്കുന്നു. റസിഡൻഷ്യൽ സ്കൂൾ ആയതിനാൽ മാനസികോല്ലാസത്തിനായി ഒരു ചിൽഡ്രൻസ് പാർക്ക് അത്യാവശ്യമാണ്.


GOVT.DR. AMMRHSS
KATTELA
MASTER PLAN

# മാസ്റ്റർ പ്ലാൻ

## വിഷയം- മലയാളം

- ആമുഖം

മലയാള ഭാഷാപഠന മേഖലയിലെ പ്രധാന പ്രശ്നം എഴുത്തും വായനയും അറിയാത്ത കുട്ടികളാണ്. താഴ്ന്ന ക്ലാസുകളിൽ മികച്ച പരിശീലനം നടത്തി എഴുത്തും വായനയും ഉറപ്പു വരുത്തിയാലെ മികച്ച ഭാഷാപഠനം ഉറപ്പു വരുത്താനാകു. അതുകൊണ്ടുതന്നെ ഹൈസ്കൂൾ ക്ലാസുകളിലെ പല പ്രവർത്തനങ്ങളും കതിരിൽ വളം വയ്ക്കുന്നതിനു തുല്യമാണ്. ആയതിനാൽ പത്തു വർഷം നീണ്ടുനിൽക്കുന്ന ഒരു കർമ്മ പദ്ധതിയിലൂടെ മാത്രമേ ഈ അവസ്ഥ നമുക്ക് മറി കടക്കാൻ കഴിയൂ. മാതൃഭാഷ പഠനം നിർബന്ധമാക്കുന്നതോടൊപ്പം ഒന്നാം ക്ലാസ് മുതൽ കുട്ടികൾ നിർബന്ധമായും മലയാളം ഒന്നാം ഭാഷയായി പഠിക്കണം. മലയാള ഭാഷയോട് താല്പര്യമുള്ള കുട്ടികളായി ആവർ വളരട്ടെ. ഭാഷ ആശയ വിനിമയത്തിനുള്ള ഉപാധി എന്നതിലുപരി അത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്നു തിരിച്ചറിവുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ മലയാളം നമ്മുടെ മാതൃഭാഷയാണന്ന ബോധം കുട്ടികളിൽ വളർത്തിയെടുക്കണം. മലയാളത്തെ രണ്ടാം തരമാക്കുന്ന കാഴ്ചപ്പാട് തിരുത്തപ്പെടണം. താല്പര്യമുള്ള ഭാഷകളൊക്കെ കുട്ടികൾ പഠിക്കട്ടെ. മാതൃഭാഷ പെറ്റമ്മയാണ്. അതിന് ഒരു അമ്മയുടെ സ്ഥാനം തന്നെ നൽകം.

### പൊതുലക്ഷ്യങ്ങൾ

#### മലയാളം

1.. എല്ലാവർക്കും എഴുത്തും വായനയും
2. വായനാക്കൂട്ടം, എഴുത്തുകൂട്ടം
3. ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
4. ക്ലാസ് സഭ, സ്കൂൾ സഭ
5. വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
6. മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
7. ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
8. വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രം വികസിപ്പിക്കുക.
9. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
10. എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം എന്നിവ സംഘടിപ്പിക്കൽ
12. ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജീവമാക്കൽ

### പ്രവർത്തനങ്ങൾ

**1. അക്ഷരം ഉറപ്പിക്കൽ (1 month)**

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

**2. അടയാളങ്ങൾ ഉറപ്പിക്കൽ**

ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

3. അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്

അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

4. ചിത്രം- അടിക്കുറിപ്പ്

ചിത്രം നൽകൽ,അടിക്കുറിപ്പ് പറയിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ

5. കഥ ബാക്കി പറയൽ എഴുതൽ

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.

6. കഥാപുസ്തകം നൽകൽ

വായനാക്കുറിപ്പ് തയ്യാറാക്കുന്നു.

7. CD പ്രദർശനം

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തേയും കുറിച്ച് പറയുവാനുള്ള അവസരം.

8. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളേയും അഞ്ചുപേർ അടങ്ങുന്ന ഗ്രൂപ്പുകളാക്കി മാറ്റുന്നു. എത്ര പുസ്തകം വായിക്കാം. വായനാക്കുറിപ്പ് പുസ്തകം എങ്ങനെ തയ്യാറാക്കാം തിരഞ്ഞെടുക്കാം, ഇവ എങ്ങനെ അവതരിപ്പിക്കാം.

9. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ UP, HS വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

10. സ്കൂൾ ലൈബ്രറി നവീകരണം

പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തകവിതണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം.

11. വായനോൽസവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ വായനാക്കുറിപ്പ്, വായിച്ച പുസ്തകങ്ങളുടെ രംഗാവിഷ്കാരം, പാഠഭാഗവുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ച്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

12. പത്രവായന

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ് വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ, വായന, എഴുത്ത്, പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്).

13. പുസ്തകചർച്ച-വായനാനുഭവം പങ്കുവയ്ക്കൽ

അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്ര നിരൂപണം, സ്വാധീനം ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ മാസത്തിൽ ഒരു ദിവസം.

14. വായനാക്കുറിപ്പ്

**വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക, സാഹിത്യസദസുകളും, കാവ്യസദസ്സുകളും സംഘടിപ്പിക്കുന്നു.

**ദിനാചരണങ്ങൾ**

സാഹിത്യകാരൻമാരും അവരുടെ രചനകളും ദിനാചരണത്തോടനുബന്ധിച്ച് പ്രയോജനപ്പെടുത്താം.

**ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ഇന്നത്തെ കാലഘട്ടത്തിൽ ചിദ്ദോദ്ദീപകങ്ങളായ ഒട്ടനവധി സാമൂഹിക മാറ്റങ്ങൾക്ക് കാരണമായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ക്ലാസ് മുറികളിൽ സംഘടിപ്പിക്കുക.

**ഇ.വായന**

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരങ്ങൾ ശേഖരണം, ബ്ലോഗ് രൂപീകരണം, ഇ. പേപ്പറുകൾ പരിചയപ്പെടൽ, പുസ്തകവായന.

**വായനക്കൂട്ടം, എഴുത്തുകൂട്ടം-മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടിപ്രതിനിധികൾ, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരൻമ്മാർ, BRC DIET അധ്യാപകർ എന്നിവരുടെ സേവനം.

**വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ**

സാഹിത്യത്തിലെ വ്യത്യസ്ത സാഹിത്യശാഖകൾ പരിചയപ്പെടുന്നു. ലൈബ്രറികളിൽ അവ തരംതിരിക്കുന്നു. പ്രത്യേകതകൾ കണ്ടെത്തുന്നു. സാഹിത്യ സൃഷ്ടികൾ നടത്തൽ.

**ലഘുമാഗസിനുകൾ, ചുവർ പത്രിക, പതിപ്പ്**

സർഗശേഷി പരിപോഷിപ്പിക്കുന്ന തരത്തിൽ ലഘുമാഗസിനുകൾ, ചുവർ പത്രിക, പതിപ്പ് എന്നിവ തയ്യാറാക്കുന്നു, പ്രകാശനം.

**പൊതുവേദിയിലെ പ്രകടനം**

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കുന്നതിനായി ക്ലാസ് തലം മുതൽ സ്റ്റേറ്റ് തലം വരെ എത്തുന്ന തരത്തിൽ സ്വന്തം സൃഷ്ടികളും മറ്റുള്ള സൃഷ്ടികളും അവതരിപ്പിക്കാൻ വേദി ഒരുക്കുന്നു.

**ഭാഷാ പ്രോജക്ടുകൾ**

ഭാഷയെ കൂടുതൽ ആഴത്തിൽ മനസിലാക്കുന്നതിനായി ഭാഷാവിഷയവുമായി ബന്ധപ്പെടുത്തി(കിട്ടാവുന്ന) സാമഗ്രികൾ വച്ച് പ്രോജക്ടുകൾ ചെയ്യുന്നു.

**സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ**

ഓരോ അസംബ്ലിയിലും സാഹിത്യകാരന്മാരേയും കൃതികളേയും പരിചയപ്പെടുത്തുന്നു. വേഷം, രൂപം, കൃതികൾ അനുബന്ധ വസ്തുക്കൾ എന്നിവയുടെ സഹായത്തോടെയാകും ഈ പരിപാടി.

**സാഹിത്യസാംസ്കാരിക ചിത്രഗ്യാലറി**

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത്വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, വീഡിയോ, ഓഡിയോ എന്നിവ പ്രദർശിപ്പിക്കൽ.

## അക്കാദമിക പ്ലാൻ - Malayalam

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. Pre test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ നിർമ്മിക്കുക<br>6. വാക്യങ്ങൾ നിർമ്മിക്കൽ<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | 2 months | പുസ്തകങ്ങൾ<br>CD | BRC<br>DIET<br>SCERT |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാക്കൂട്ടം) | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ്, ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. വായനോൽസവം സംഘടിപ്പിക്കൽ<br>5. പത്ര വായന<br>6. അമ്മ വായന<br>7. പുസ്തക ചർച്ച<br>8. വായനാനുഭവം പങ്കുവയ്ക്കൽ<br>9. വായനാക്കുറിപ്പ് പതിപ്പ്<br>10. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം, ക്ലാസ് സഭ<br>11. സ്കൂൾസഭ, ബാലസഭ<br>12. ദിനാചരണങ്ങൾ<br>14. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | 6 months | ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA |

| Sl.No | programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3.ക്ലാസ് ലൈബ്രറി<br>4.വായനാക്കുറിപ്പ് പതിപ്പ്<br>5.സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6.വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>7.ഇൻലന്റ്, മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>8.സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9.എഴുത്തുകൂട്ടം, മോണിറ്ററിംഗ്<br>10.വായനാകുറിപ്പ്<br>11.ബാലസഭ<br>12.പൊതുവേദികളിൽ സംസാരിക്കുവാനുള്ള കഴിവ്.<br>13.വ്യക്തിഗത രചന സംഘരചന<br>14.ഭാഷാ പ്രോജക്ട്<br>15.സാഹിത്യകാരന്മാരുമായുള്ള സംവാദം<br>16.രചയിതാക്കളെ പരിചയപ്പെടൽ<br>17.സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | 6 months | ലൈബ്രറി പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഫോട്ടോകൾ | BRC<br>DIET<br>SCERT<br>P.T.A<br>ജനപ്രതിനിധി<br>P.T.A<br>teachers |
| 4. | ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത | 1. കമ്പ്യൂർ പരിജ്ഞാനത്തെ മലയാളവുമായി ബന്ധിപ്പിക്കൽ<br>2.മലയാളം ടൈപ്പിംഗ്<br>3.വിഷയവുമായി ബന്ധപ്പെട്ട വീഡിയോ, ഓഡിയോ മറ്റു പ്രസന്റേഷനുകൾ ശേഖരിക്കുക.<br>4.വ്യാകരണ സംബന്ധിയായ കാര്യങ്ങൾ, ജീവചരിത്രക്കുറിപ്പ് എന്നിവയുമായി ബന്ധപ്പെട്ട സ്ലൈഡുകൾ നിർമ്മിക്കുക. അവതരിപ്പിക്കുക. | 4 months<br><br>1 year | കമ്പ്യൂട്ടർ ലാബ്<br>സ്മാർട്ട് ക്ലാസ് റൂം | |

| Sl.No | programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | ഇ വായന | 1. വിക്കി പീഡിയ പരിചയപ്പെടുത്തൽ<br>2.നെറ്റിൽ നിന്നും വിവരങ്ങൾ കണ്ടെത്തി ശേഖരിക്കൽ<br>3.ബ്ലോഗ് രൂപീകരണം<br>4.ഡിജിറ്റൽ ലൈബ്രറി പരിചയപ്പെടൽ<br>5.പുസ്തക വായന | 5 years | കമ്പ്യൂട്ടർ ലാബ് സ്മാർട്ട് ക്ലാസ് റൂം<br>കമ്പ്യൂട്ടർ ലാബ് സ്മാർട്ട് ക്ലാസ് റൂം | |
| | ദിനാചരണങ്ങൾ | 1. സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>2.സാഹിത്യകാരന്മാരുടെ വേഷ പകർച്ചയോടെ കുട്ടികൾക്ക് പരിചയപ്പെടുത്തൽ<br>3.പ്രധാന കൃതികൾ, കഥാപാത്രങ്ങൾ എന്നിവ അവതരിപ്പിക്കൽ<br>4.പ്രശസ്ത കൃതികളെ മറ്റു സങ്കേതങ്ങളിലേയ്ക്കു മാററൽ (നാടകം, ടെലിഫിലിം, ചൊൽക്കാഴ്ച) | 5 years | ഇന്റർനെറ്റ് ലൈബ്രറി | |

# ഇംഗ്ലീഷ്

## ഇംഗ്ലീഷ് ഭാഷാ പഠന ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
3. ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷാ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
4. ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
5. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
6. ഇംഗ്ലീഷ് ഭാഷാ പഠനശേഷി വികസിപ്പിക്കുക.
7. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.

## പ്രവർത്തനങ്ങൾ

1. സ്റ്റോറി ടൈം
   പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കഥാഭാഗങ്ങളുടെ റിവ്യു, Essays, Write-ups തയ്യാറാക്കുക.
2. അക്ഷരം ഉറപ്പിക്കൽ
   ചിത്രങ്ങളിലൂടെ ഇംഗ്ലീഷ് ആൽഫബെറ്റ്സ് ഉറപ്പിക്കുക.
3. ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡേ ആചരണം
   ക്ലാസിലെ മുഴുവൻ കുട്ടികളെയും അസംബ്ലിയിൽ പങ്കെടുപ്പിക്കുക. ഒരു ദിവസത്തെ ഉച്ചയ്ക്ക് ശേഷമുള്ള സമയം ഇംഗ്ലീഷ് ഡേ ആചരിക്കുക. (ആ സമയത്തെ മുഴുവൻ പ്രവർത്തനങ്ങളും ക്ലാസിൽ ഇംഗ്ലീഷിൽ ചെയ്യുക)
4. പബ്ലിക് സ്പീക്കിങ്
   ഓഡിയോ, വീഡിയോ, സ്മാർട്ട് ക്ലാസ് സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിങ് അനുഭവങ്ങൾ നൽകുക. എലക്യൂഷൻ കോമ്പറ്റീഷനുകൾ നടത്തുക.
5. ഡയറി റൈറ്റിംഗ്, പ്രൊഫൈൽ റൈറ്റിംഗ്
   പ്രശസ്ത വ്യക്തികളുടെ പ്രൊഫൈൽ, ഡയറി കുറിപ്പുകൾ ഇംഗ്ലീഷിൽ തയ്യാറാക്കുക.
6. ക്ലാസ് വായനാകൂട്ടം തയ്യാറാക്കൽ
   ക്ലാസിലെ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് റസിറ്റേഷൻ, സ്പീച്ച് എന്നിവ തയ്യാറാക്കി അവതരിപ്പിക്കുക.
7. ഇംഗ്ലീഷ് ഡിക്ഷ്നറിയുടെ ഉപയോഗം
   എല്ലാ ക്ലാസിലെ കുട്ടികളെയും എല്ലാ ദിവസവും അഞ്ചോ, പത്തോ പുതിയ വാക്കുകളും അതിന്റെ ഡിക്ഷനറിയിൽ നിന്നും കണ്ടെത്തിക്കുക.
8. ഇംഗ്ലീഷ് പുസ്തകങ്ങൾ നൽകൽ
   ലൈബ്രറിയിൽ നിന്നും ലഘുവായ ഇംഗ്ലീഷ് പുസ്തകങ്ങൾ നൽകി അവരിൽ വായനാശീലം വളർത്തിയെടുക്കുക.
9. സി.ഡി.പ്രദർശനം
   സിനിമ, ഡോക്യുമെന്ററി, ചിത്രങ്ങൾ അടങ്ങിയ സി.ഡികൾ സ്മാർട്ട് ക്ലാസിലൂടെ അവതരിപ്പിക്കുക.
10. കൊറിയോ ഗ്രാഫി
    പാഠപുസ്തകങ്ങളിലെയും മറ്റും കൊറിയോ ഗ്രാഫ് ചെയ്യുക.

| Sl No. | Aim | Acvtivity | Duration | Responsibility | Financial Support |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടുകൾക്കും ഇംഗ്ലീഷ് ഭാഷ എഴുതാനും വായിക്കാനും മനസിലാക്കാനും പ്രാപ്തരാക്കുക. | Story Time<br>പാഠഭാഗവുമായി ബന്ധപ്പെട്ട കഥാഭാഗങ്ങൾ കണ്ടെത്തൽ.<br>അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിക്കുക, പ്രസംഗം, റിവ്യൂ, റൈറ്റ് അപ്സ് തയ്യാറാക്കുക. | ഷോർട്ട് ടേം മിക്സ്ടേം | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് ടീച്ചർ | School |
| 2. | ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിൽ പൂർണതയിൽ എത്തിക്കുക. | ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡേ ആചരണം. | ആഴ്ച്ചയിൽ ഒരിക്കൽ - മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് ടീച്ചർ | School DIET |
| 3. | ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പബ്ലിക് സ്പീക്കിംങ് ഓഡിയോ, വീഡിയോ, സ്മാർട്ട് ക്ലാസ് സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ഥ സ്പീക്കിങ് അനുഭവങ്ങൾ നൽകുക. എലക്യൂഷൻ കോമ്പറ്റീഷനുകൾ നടത്തുക. | ലോങ്ടേം | ഇംഗ്ലീഷ് ടീച്ചർ | SSA RMSA |
| 4. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ എഴുതുവാനും വായിക്കാനും മനസ്സിലാക്കാനും പ്രാപ്തരാക്കുക. | ഇംഗ്ലീഷിലുള്ള ഡയറികുറിപ്പ് തയ്യാറാക്കുക. | ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം | ഇംഗ്ലീഷ് ടീച്ചർ | School |
| 5. | ഇംഗ്ലീഷ് ഭാഷാ പഠനശേഷി വികസിപ്പിക്കുക. | ന്യൂസ് റീഡിങ്, റെസിറ്റേഷൻ സ്പീച്ച് | ലോങ് ടേം ആക്റ്റിവിറ്റി | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് ടീച്ചർ | School |
| 6. | ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | ഇംഗ്ലീഷ് ഡിക്ഷനറി ഉപയോഗിച്ച് പുതിയ വൊക്കാബുലറി ..... | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ ക്ലാസ് ടീച്ചർ | SSA School |

| Sl No. | Aim | Acvtivity | Duration | Responsibility | Financial Support |
|---|---|---|---|---|---|
| 7 | സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | ലൈബ്രറിയിൽ നിന്ന് ലഘുവായ ഇംഗ്ലീഷ് പുസ്തകങ്ങളുടെ വായനാശീലം. | ആഴ്ച്ചയിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>ലൈബ്രേറിയൻ | RMSA<br>BRC<br>School |
| 8. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ എഴുതുവാനും വായിക്കുവാനും മനസ്സിലാകുവാനും പ്രാപ്തരാക്കുക. | ഡ്രാമ ആന്റ് തീയറ്റർ<br>Script Writing<br>പാഠഭാഗത്തെ നാടകീയ സന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക. | ലോങ് ടേം | ഇംഗ്ലീഷ് ടീച്ചർ | SSA<br>School |
| 9. | ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | സിനിമാ ആന്റ് ഡോക്യുമെന്ററി - സ്മാർട്ട് ക്ലാസിലൂടെ അവതരിപ്പിക്കുക. | മിഡ് ടേം ആക്റ്റിവിറ്റി | ഇംഗ്ലീഷ് ടീച്ചർ<br>ക്ലാസ് ടീച്ചർ | SSA<br>School<br>DIET |
| 10. | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക. | Chorcography<br>പാഠപുസ്തകത്തിലേയും മറ്റും കൊറയോ ഗ്രാഫ് ചെയ്യുക. | ലോങ് ടേം | ഇംഗ്ലീഷ് ടീച്ചർ<br>ക്ലാസ് ടീച്ചർ | SSA<br>DIET<br>School |

# ഹിന്ദി

## പൊതുലക്ഷ്യങ്ങൾ

### ഹിന്ദി

1. അക്ഷരങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ
2. ഹിന്ദിയിൽ താല്പര്യം ജനിപ്പിക്കൽ
3. നിത്യജീവിതത്തിൽ ഹിന്ദി ഭാഷയ്ക്കുള്ള പ്രാധാന്യം മനസ്സിലാക്കൽ
4. കരിക്കുലം വികസനത്തിനുതകും വിധം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തൽ
5. മുൻ വർഷങ്ങളിൽ ഹിന്ദി വിഷയത്തിലുണ്ടായ വിജയപരാജയങ്ങൾ വിലയിരുത്തൽ
6. മാറ്റമില്ലാതെ ഉറപ്പിക്കും വിധം ചിട്ടയായ ഭാഷാശൈലിയിലൂടെ ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തമാക്കൽ.
7. ഹിന്ദി പഠനം ലളിതവും രസകരവുമാക്കാൻ വൈദഗ്ദ്യം നേടൽ

| SL No | AIM | Programme/ Actovity | Duration | Class | Physically | Support |
|---|---|---|---|---|---|---|
| 1 | അക്ഷരങ്ങളിലെ പിന്നാക്കാവസ്ഥ പരിഹരിക്കുക. | ചെറിയ ചെറിയ വാക്കുകളിൽ നിന്ന് അക്ഷരം കണ്ടെത്തി ഉച്ചാരണ സഹിതം ബോധ്യപ്പെടുത്തുക.<br>ഉദാ: आनार, आम मानक लिपि<br>അനുസരിച്ച്.<br>Pre test, Hard spot Problem solving<br>പാഠപുസ്തകവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ അക്ഷരചാർട്ടുകൾ | June, July Short time | 5,6,7 | പുസ്തകത്തിലെ ഹിന്ദി അക്ഷരങ്ങൾ मानक लिपि തയ്യാറാക്കി ഏതു പ്രകാരം എഴുതാമെന്ന് worksheet ഉം, ഒപ്പം Hindi Video, Audio, Computer, Laptop<br>Internet സൗകര്യം ഉപയോഗപ്പെടുത്തണം. | |
| 2. | ഹിന്ദിയിൽ താല്പര്യം ജനിപ്പിക്കൽ. | വാക്കുകൾ game ലൂടെ കണ്ടെത്തൽ<br>ഉദാ: कमरा വാക്കിന്റെ അവസാനം വന്ന അക്ഷരത്തിൽ അടുത്ത വാക്ക് കണ്ടെത്താം. | Short time | UP | കുട്ടികളെ A B എന്ന് തരം തിരിച്ച് ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക. | |
| | ഹിന്ദി താല്പര്യം | रात എന്ന വാക്ക് तालाब എന്നിങ്ങനെ വാക്കുകളുടെ കണ്ടെത്തൽ തുടരാം. | Short time | UP & HS | വിവിധതരം Chartകൾ സ്കൂൾ ഉപയോഗിക്കാം शरीर के अंग-फूल फल, जनवर, पंसारी | സ്കൂൾ |
| 3. | നിത്യ ജീവിതത്തിൽ ഹിന്ദി ഭാഷയ്ക്കുള്ള പ്രാധാന്യം. | ക്ലാസ്റൂം പ്രവർത്തനങ്ങൾ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ഹിന്ദി ഡോക്യുമെന്ററി, വാർത്താ കേൾക്കാനുള്ള അവസരം ഹിന്ദി കവിതകൾ, സംഭാഷണങ്ങൾ, നാടകങ്ങൾ, ക്വിസ് പ്രോഗ്രാം. | Short time | UP & HS | Internet ന്റെ സഹായത്താലും, സമഗ്രയുടെ ഉപയോഗം. | |

| Sl. No | AIM | Programme/ Actovity | Duration | Class | Physically | Support |
|---|---|---|---|---|---|---|
| 4. | Curriculam വികസനത്തിന് ഉതകും വിധം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി വിപുലപ്പെടുത്തുക | ഹിന്ദി പുസ്തകം പരിചയപ്പെടൽ, റഫറൻസ് ഗ്രന്ഥം ലൈബ്രറിയുടെ ഉപയോഗം കാര്യക്ഷമമാക്കി പ്രയോജനപ്പെടുത്താനുള്ള അവസരം സൃഷ്ടിക്കുക | ഹ്രസ്വ കാലം (Short period) | UP & HS | ഹിന്ദി ലേഖകരുമായുള്ള വീഡിയോ കോൺഫറൻസ് ഹിന്ദി പത്രങ്ങളിലെ സാമൂഹിക പ്രശ്നങ്ങൾ, പരസ്യങ്ങൾ, ഫലിതങ്ങൾ, ശൈലികൾ, ചിന്തകൾ, കടങ്കഥകൾ. | സ്കൂൾ |
| | | തപാൽ സംബന്ധമായ ഹിന്ദി വാക്കുകൾ ബാങ്കിലെ Pay slip കൾ Account പ്രവർത്തകർ or Workers. | ഹ്രസ്വ കാലം | UP & HS | യാത്രകൾ സംഘടിപ്പിക്കൽ Post Office Bank എന്നിവ സന്ദർശിക്കുക. | സ്കൂൾ |
| 5. | മുൻവർഷങ്ങളിലെ ഹിന്ദിയിലുണ്ടായ വിജയ പരാജയ കാരണങ്ങൾ വിലയിരുത്തൽ. | ഇവ വിശകലനം ചെയ്ത് കണ്ടെത്തി ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുന്ന പ്രവർത്തനങ്ങൾ നടത്തി പ്രശ്നപരിഹാരം കണ്ടെത്തി വിഷയ വികസനം നടത്തുന്നു. | Middle Term period | | Question Paper & Digital Classes കൃത്യതയോടുകൂടി ഒരാവർത്തി ബുക്കിൽ എഴുതിപ്പിക്കുന്നു. റാങ്ക് ഫയലുകളുടെ സഹായം ഉപയോഗപ്പെടുത്താം. | സ്കൂൾ |
| 6. | മാറ്റമില്ലാതെ ഉറപ്പിക്കും വിധം ചിട്ടയായ ഭാഷാശൈലിയിലൂടെ ഹിന്ദി ക്ലാസ് കൈകാര്യം ചെയ്യാൻ. | പാഠഭാഗങ്ങൾ സുവ്യക്തമായി വായിക്കാനും എഴുതാനുമുള്ള അവസരം പല തവണ നൽകുക. | Short period | | പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ, ചെറുകഥകൾ തുടങ്ങിയവ ഉപയോഗപ്പെടുത്താം | സ്കൂൾ |

| SL | AIM | Programme/ | Duration | Class | Physically | Support |
|---|---|---|---|---|---|---|
| 7. | ഹിന്ദി പഠനം ലളിതവും രസകരവുമാക്കാൻ വൈദഗ്ദ്ധ്യം നേടൽ | ഹിന്ദി കവിതകൾ സംഗീതാത്മകതയിലൂടെ അവതരിപ്പിക്കൽ. പഴമൊഴികൾ എഴുതി അവതരിപ്പിക്കൽ, ഫലിതബിന്ദുക്കൾ, നാടകാഭിനയങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ [illegible] , [illegible]<br>ഹിന്ദി ഉപന്യാസങ്ങൾ ഹിന്ദി വാർത്ത, സീരിയലുകൾ കാണാനുള്ള അവസരം ഒരുക്കുക. | Long period | UP & HS | പത്രങ്ങൾ, മാസികകൾ വിവിധ ഗ്രന്ഥകർത്താക്കളുടെ ഹിന്ദി വ്യാകരണ ഉപന്യാസങ്ങൾ, Proverbs പര്യായ വാചി വാക്കുകൾ എന്നിവ ഉപയോഗപ്പെടുത്താം. | സ്കൂൾ<br>BRC & Diet |

# ഫിസിക്കൽ സയൻസ്

## പൊതുലക്ഷ്യങ്ങൾ / Physical Sciences

1. ശാസ്ത്രത്തിന്റെ രൂപപരിണാമം അറിയുക
2. ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക
3. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
4. പ്രകൃതി പ്രതിഭാസങ്ങളെ വിലയിരുത്തുക
5. കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക
6. നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക
7. ദൈനം ദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക
8. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക
9. ശാസ്ത്രത്തിന്റെ നേട്ടത്തിൽ അഭിമാനിക്കുക
10. ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക
11. ശാസ്ത്ര പരീക്ഷണങ്ങൾക്കായി ഉപകരണങ്ങൾ, യന്ത്രങ്ങൾ ഡിസൈൻ ചെയ്യാൻ പ്രാപ്തരാക്കുക
12. ദൈനംദിന ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രത്തിന്റെ പ്രക്രിയകൾ പ്രയോജനപ്പെടുത്തുക.

## Physical Sciences

1. ശാസ്ത്രസംബന്ധമായ വിവരങ്ങൾ ജീവിതഗന്ധിയും ജീവിതബന്ധിയും ആയില്ലെങ്കിൽ കുട്ടിയെ സംബന്ധിച്ചടുത്തോളം അപ്രസക്തമായെ അനുഭവപ്പെടുകയുള്ളൂ. മാനസിക വികാരങ്ങളെ മനസ്സിലാക്കാനും വിലമതിക്കാനുമുള്ള കഴിവ് കുട്ടിക്ക് ശാസ്ത്രപഠനത്തിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്നു പ്രക്രിയകൾ കുട്ടിക്ക് നൽകാവുന്നതാണ്.
   ഉദാ: ശാസ്ത്ര കണ്ടുപിടുത്തങ്ങൾ മാനുഷികമൂല്യങ്ങൾ വളർത്തുന്ന രീതിയിലുള്ള സിനിമകൾ, Project കൾ.

2. പരീക്ഷണ നിരീക്ഷണങ്ങൾ, ചർച്ച, സംവാദം, Project പ്രവർത്തനം .............. എന്നിവയിലൂടെ ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും.

3,4. പ്രപഞ്ച പ്രതിഭാസങ്ങൾ, അവ തമ്മിലുള്ള ബന്ധം, അവയുടെ വിശദീകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ധാരണ കിട്ടുന്നത് ശാസ്ത്ര പഠനത്തിലൂടെയാണ്. Project പ്രവർത്തനം ഇവിടെ ഉപയോഗിക്കാവുന്നതാണ്.

5. സ്കൂളിൽ അടുക്കും ചിട്ടയുമുള്ള ലബോറട്ടറി നിർമ്മിച്ച് കുട്ടികൾ നിർമ്മിക്കുന്ന മാതൃകകളും ഉപകരണങ്ങളും ഉൾപ്പെടുത്തി ലബോറട്ടറി വിപുലീകരിക്കാം.

6. പ്രോജക്ട് വർക്കുകൾ, ഫീൽഡ് ട്രിപ്പ്, സെമിനാർ സംവാദം

7,8. ഓരോ പാഠഭാഗങ്ങളിലും സാധ്യമായ ഇടങ്ങളിൽ സാമൂഹിക പ്രശ്നങ്ങൾ കൂടി ഉൾപ്പെടുത്തുന്ന കുട്ടികളിൽ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ക്ലാസ്മുറികളിൽ ബോധപൂർവ്വമായ ചർച്ചകൾ നടത്തുന്നത്.

9,10. ഓരോ പാഠഭാഗത്തിലും ശാസ്ത്രജ്ഞരുടെ പ്രവർത്തനങ്ങൾ, അവരുടെ നേട്ടങ്ങൾ എന്നിവ ...... സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്തു എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ, സെമിനാറുകൾ, സംവാദം, ICT സാധ്യതകൾ

11. ലബോറട്ടറി പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടി നിർമ്മിക്കുന്ന ഉപകരണങ്ങൾ, ബോധവത്കരണോപാധികൾ എന്നിവ പ്രദർശിപ്പിക്കുന്ന വേദിയായി Science Club, School ശാസ്ത്രമേള എന്നിവ മാറണം.

12. ജീവിത നൈപുണ്യകൾ വികസിപ്പിക്കുന്നതിന് സഹായകമായ പരിശീലനങ്ങൾ

| Sl. No. | AIM | Activity | Duration | Responsibiility | Financial Support |
|---|---|---|---|---|---|
| 1. | ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക. | ശാസ്ത്ര കണ്ടുപിടുത്തങ്ങൾ മാനുഷികമൂല്യങ്ങൾ വളർത്തുന്ന രീതിയിലുള്ള സിനിമകൾ, പ്രോജക്ട് വർക്കുകൾ. | ദീർഘ കാലം | Subject teacher | ST.Dept |
| 2. | ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക. | വിവിധ പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ reference. | ദീർഘ കാലം | Subject teacher | ST.Dept |
| 3+4 | പരിസ്ഥിതി സൗഹൃദം പ്രകൃതി പ്രതിഭാസങ്ങൾ വിലയിരുത്തുക. | നിരീക്ഷണങ്ങൾ, Project പ്രവർത്തനങ്ങൾ. | ദീർഘ കാലം | PTA<br>Class teacher<br>Subject teacher | ST.Dept |
| 5. | കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം. | ശാസ്ത്രപഠനം ലബോറട്ടറി ബന്ധിതം ആയിരിക്കണം. സ്കൂളിൽ അടുക്കും ചിട്ടയുമുള്ള ലബോറട്ടറിയുടെ പ്രാധാന്യം കുട്ടികൾക്ക് മനസിലാക്കണം. | | PTA | ST.Dept |
| 6. | നിരന്തര അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തുക. | Project work കൾ ഫീൽഡ് ട്രിപ്പ്, സെമിനാർ<br>സംവാദം. | ഹ്രസ്വ കാലം | Subject teacher | |
| 7+8 | ദൈനംജീവിതവുമായി ബന്ധിപ്പിക്കുക. മാനവികതയിൽ വ്യത്തിയുള്ള ശാസ്ത്ര ബോധം വളർത്തുക. | പാഠഭാഗങ്ങൾ സാമൂഹിക പ്രശ്നങ്ങളുമായി കൂട്ടി യോജിപ്പിക്കുക. ചർച്ചകൾ. | ഹ്രസ്വ കാലം | Subject teacher | |
| 9+10 | ശാസ്ത്ര നേട്ടങ്ങളിൽ അഭിമാനിക്കുക സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടുത്തുക. | ഓരോ പാഠഭാഗത്തോടും ചേർന്ന് ശാസ്ത്രജ്ഞരെക്കുറിച്ച് അവരുടെ നേട്ടങ്ങളെക്കുറിച്ചും അവ എങ്ങനെ സാമൂഹിക നന്മയ്ക്കായി പ്രയോജനപ്പെടും എന്നുള്ള ചർച്ചകൾ,<br>ICT സാധ്യതകൾ,<br>സെമിനാറുകൾ. | ഹ്രസ്വ കാലം | Subject teacher | ST.Dept |
| | | Science Club പ്രവർത്തന ശാസ്ത്രമേള. | | | |

| Sl. No. | AIM | Activity | Duration | Responsibiility | Financial Support |
|---|---|---|---|---|---|
| 11. | ശാസ്ത്ര പരീക്ഷണങ്ങൾക്കായി ഉപകരണ യന്ത്രങ്ങൾ എന്നിവ ചെയ്യാൻ പ്രാപ്തരാക്കുക. | ജീവിത നൈപുണ്യകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ. | ദീർഘ കാലം<br>1 year | Subject teacher<br>PTA | DIET<br>RMSA<br>SSA<br>ST.Dept |
| 12. | ജീവിത പ്രശ്നങ്ങൾ പരിഹരിക്കാനതിന് ശാസ്ത്രത്തിന്റെ പ്രകിയകൾ പ്രയോജനപ്പെടുത്തുക. | | | | |

# ജീവശാസ്ത്രം

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## മേഖല - ജീവശാസ്ത്രം

## പൊതു ലക്ഷ്യങ്ങൾ

1. ജീവശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ.
2. വ്യക്തി ശുചിത്വം, പരിസരശുചിത്വം, ഭക്ഷണത്തിന്റെ മൂല്യം, രോഗങ്ങൾ വരാനുള്ള കാരണം എന്നിവ എല്ലാ കുട്ടികളും ആർജിക്കുക.
3. സർഗ്ഗാത്മകത വളർത്തൽ, ഗവേഷണ താൽപര്യം വളർത്തൽ, പ്രകൃതി സ്നേഹം, സഹ ജീവി മനോഭാവം എന്നിവ ഉണ്ടാക്കുക.
4. ആരോഗ്യകരമായ ജീവിതം, ആരോഗ്യമുള്ള ജനത, സമൂഹം എന്നിവയെ കെട്ടിപ്പടുത്തൽ ശാസ്ത്രാവബോധം കൊണ്ട്.
5. ശാസ്ത്രത്തിന്റെ സഹായത്തോടെ ഗവേഷണാത്മക കഴിവ് വികസിപ്പിക്കൽ.
6. പരിസ്ഥിതി സംരക്ഷിക്കൽ, ജൈവ വൈവിധ്യ ശോഷണം തടയൽ, സംരക്ഷണം, സഹ ജീവി മനോഭാവം സൃഷ്ടിക്കൽ, ജീവിത നൈപുണികൾ വളർത്തികൊണ്ടുവരിക.
7. എല്ലാവർക്കും പഠനേതര പുരോഗതി, അങ്ങനെ സ്കൂൾ വിദ്യാഭ്യാസം കഴിയുന്ന കുട്ടികളെ സമൂഹത്തിൽ ഒരുത്തമ പൗരനായി എല്ലാ മേഖലകളിലും അവനവന്റെ കഴിവുകൾ പ്രകടിപ്പിക്കാനുതകുന്ന രീതിയിൽ വാർത്തെടുക്കൽ.
8. നൂതന സാങ്കേതിക വിദ്യകൾ (internet) എന്നിവ ഉപയോഗിക്കാൻ പ്രാപ്തരാക്കുക.
9. C.W.S.N കുട്ടികളെയും മുഖ്യധാരയിൽ എത്തിക്കും വിധത്തിലുള്ള പഠനോപകരണങ്ങൾ ഉൾപ്പെടുത്തൽ.

## 2. പ്രവർത്തനങ്ങൾ

1. Quiz ചോദ്യാവലി, ചർച്ച, ചിന്തിക്കാൻ ഉതകുന്ന ചിത്രങ്ങൾ എന്നിവ.
2. സിനിമാ പ്രദർശനം, ചിത്രങ്ങൾ, സി.ഡി., ഓൺലൈൻ ക്ലാസ്സുകൾ.
3. ഭിന്നശേഷിക്കാർക്ക് ചാർട്ടുകൾ, മോഡലുകൾ, പ്രത്യേക റിസോർസ് പ്രവർത്തകരുടെ സഹായം.
4. പ്രകൃതി നിരീക്ഷണം, ഫിൽഡ് ട്രിപ്പ്, ആവാസവ്യവസ്ഥ സന്ദർശനം, മോഡൽ നിർമ്മിക്കൽ, എക്സിബിഷൻ, ഡിജിറ്റൽ ആൽബം നിർമ്മിക്കൽ.
5. സയൻസ് ലാബിൽ പരീക്ഷണങ്ങൾ, റോൾപ്ലേ.
6. ദിനാചരണങ്ങൾ, ബോധവൽക്കരണക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനം, ക്വിസ് മൽസരങ്ങൾ.
7. വായന - ലൈബ്രറി, ഇന്റർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തൽ.
8. പഠനയാത്രകൾ, ആശുപത്രി, അംഗൻവാടികൾ എന്നിങ്ങനെയുള്ള സാമൂഹ്യകേന്ദ്രങ്ങൾ സന്ദർശിക്കൽ.
9. സെമിനാർ, പ്രോജക്ട്, റിസേർച്ച് പ്രോജക്ട്, സിനിമാ പ്രദർശനം, ഔഷധത്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണം, പൂന്തോട്ട നിർമ്മാണം, വിവരങ്ങളുടെ എക്സിബിഷൻ.
10. ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കി, സമൂഹത്തിന് ഉപകാര പ്രഥമായ രീതിയിൽ സർവ്വേ, ഫീൽഡ് ട്രിപ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിങ്ങനെ വിദഗ്ദരെ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രപഠനം മനുഷ്യ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുക.
11. ഈ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എത്ര മാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിലയിരുത്താൻ വേണ്ടി feed backs ഇടയ്ക്ക് രക്ഷാർത്താക്കളിൽ നിന്ന്, വിദ്യാർത്ഥികളിൽ നിന്ന്, സമൂഹ

ത്തിൽ നിന്ന് പല തരത്തിൽ നമുക്ക് പരിശോധനയ്ക്ക് വിധേയമാക്കണം.

## ജീവശാസ്ത്രം

| ക്രമ നം. | പ്രോഗ്രാം | ആക്ടിവിറ്റി | ലക്ഷ്യം | ഡ്യൂറേഷൻ | ക്ലാസ്സ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | അടിസ്ഥാന പരമായി കുട്ടികൾക്ക് ഉള്ള അറിവ്, ശുചിത്വം, പോഷകാഹാരം, സസ്യങ്ങളെയും, ജന്തുക്കളെയും കുറിച്ചുള്ള അറിവ് പരിശോധിക്കണം. | Quiz, ചോദ്യാവലി, പസിൽ, ചിന്തിക്കാൻ ഉതകുന്ന ചിത്രങ്ങൾ എന്നിവ ഉപയോഗിച്ചു കൊണ്ട്. നിത്യജീവിതത്തിലുള്ള ആഹാരശീലങ്ങൾ, ശുചിത്വ ശീലങ്ങൾ, ദിനചര്യയിൽ ഉൾപ്പെടുത്തേണ്ട ശീലങ്ങൾ, പരിസര ശുചിത്വം, വ്യക്തിശുചിത്വം എന്നിവ പരിപോഷിപ്പിക്കുന്ന ചിത്രങ്ങൾ, സിനിമാ പ്രദർശനങ്ങൾ, സി.ഡി. എന്നിവ ഉപയോഗിക്കാം. | മുന്നറിവ് പരിശോധിക്കൽ. വ്യക്തിശുചിത്വം ഭക്ഷണത്തിന്റെ മൂല്യം, രോഗങ്ങൾ വരാനുള്ള കാരണം. | ജൂൺ I$^{st}$ term | UP. V, VI, VIII | പുസ്തകങ്ങൾ, സി.ഡി, ചാർട്ടുകൾ, പിക്ചർ ചാർട്ട്, കമ്പ്യൂട്ടർ | B.R.C. SCERT. S.S.A |
| | ഭിന്നശേഷിക്കാർക്കു വേണ്ടി. | ഭിന്നശേഷിക്കാർക്ക് കളർഫുൾ ചാർട്ടുകൾ ഉൾപ്പെടുത്താം. | ഭിന്നശേഷിക്കാരെ ലക്ഷ്യം വച്ചു കൊണ്ട്. | | | | |
| 2 | ജൈവ വൈവിധ്യത്തെ ഊന്നൽ കൊടുത്ത് വിവിധ ആവാസ വ്യവസ്ഥകൾ അതിലെ ജന്തുക്കൾ, സസ്യങ്ങൾ, ശരീര വ്യവസ്ഥകൾ, ബന്ധങ്ങൾ, അവയുടെ ആന്തരഘടന, ധർമ്മങ്ങൾ, അടിസ്ഥാന ഘടന, കോശ | പ്രകൃതി നിരീക്ഷണം, ഫീൽഡ് ട്രിപ്പ്, ആവാസ വ്യവസ്ഥ സന്ദർശനം, മോഡൽ നിർമ്മിക്കൽ, എക്സിബിഷന്, ഡിജിറ്റൽ ആൽബം. പരീക്ഷണങ്ങൾ- ആഹാരത്തിലെ രാസമാറ്റങ്ങൾ. ജന്തുകോശം, സസ്യകോശം റോൾപ്ലേ: കോശങ്ങൾ, കോശാംഗങ്ങൾ, ധർമ്മങ്ങൾ, ശരീരവ്യവസ്ഥകൾ, കൗമാരകാല പ്രശ്നങ്ങൾ, ശാസ്ത്രമ്യൂസിയം, സൂ എന്നിവ സന്ദർശിക്കൽ | സർഗ്ഗാത്മകത വളർത്തൽ, ഗവേഷണ താൽപര്യം വളർത്തൽ, പ്രകൃതിസ്നേഹം, സഹജീവി മനോഭാവം എന്നിവ ഉണ്ടാക്കുക. | ഹ്രസ്വ കാലം | UP V VI VII HS VIII IX | മൈക്രോസ്കോപ്പ്, സിഡി, ലാബ് ഉപകരണങ്ങൾ, ചാർട്ടുകൾ, റഫറൻസ് ബുക്കുകൾ, Journal കൾ, സയൻസ് മാഗസിനുകൾ | PTA SSA RMSA |

| ക്രമ നം | പ്രോഗ്രാം | ആക്റ്റിവിറ്റി | ലക്ഷ്യം | ഡ്യൂറേഷൻ | ക്ലാസ്സ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| | ങ്ങൾ, കോശാംഗങ്ങൾ | | | | | | |
| 3 | ആനുകാലിക രോഗങ്ങൾ, കൗമാരക്കാരുടെ പ്രശ്നങ്ങൾ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം, കൃഷിയിൽ ഉപയോഗപ്പെടുത്തൽ, ആരോഗ്യം, നിത്യജീവിതം, ജീവിതശൈലീ രോഗങ്ങൾ, വ്യായാമത്തിന്റെ ആവശ്യകത, പ്രതിരോധകുത്തിവയ്പുക അയൺഫോളിക് ആസിഡ് ഗുളിക, deworming എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് സമൂഹത്തിന് അവബോധം. ജനിതക ശാസ്ത്രത്തിന്റെ നേട്ടങ്ങൾ. കൃഷിയിലും, ജീവിതത്തിലും പരീക്ഷിക്കൽ, ഉപയോഗപ്പെടുത്തൽ | ദിനാചരണങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരങ്ങൾ, വായന - ലൈബ്രറി ഉപയോഗപ്പെടുത്തൽ, പഠനയാത്രകൾ, ആശുപത്രികൾ, മറ്റുള്ള കേന്ദ്രങ്ങൾ സന്ദർശിക്കൽ, സെമിനാർ, പ്രോജക്ട്, റിസേർച്ച് പ്രോജക്ട്, സിനിമാ പ്രദർശനം, ഔഷധത്തോട്ട നിർമ്മാണം, പൂന്തോട്ട നിർമ്മാണം, വിഭവങ്ങളുടെ എക്സിബിഷൻ | ആരോഗ്യകരമായ ജീവിതം, ആരോഗ്യമുള്ള ജനത, സമൂഹം എന്നിവയെ കെട്ടിപ്പടുത്തൽ | ദീർഘകാലം | UP & HS | ലാബുകൾ, സാമഗ്രികൾ, ചാർട്ടുകൾ, സിഡി, പുസ്തകങ്ങൾ, വാഹനം | |
| 4 | സ്കൂൾ സയൻസ് ക്ലബ്, നേച്ചർക്ലബ്, ഹെൽത്ത് ക്ലബ്, എക്കോ | പരീക്ഷണങ്ങൾ, ലാബ് പ്രവർത്തനം, ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കൽ, സർവ്വേ, ഫീൽഡ് ട്രിപ്പുകൾ എന്നിങ്ങ | ശാസ്ത്രത്തിന്റെ സഹായത്തോടെ ഗവേഷണാത്മക കഴിവ് | ദീർഘകാലം | VIII IX X | ലാബ്, മോഡലുകൾ, ഇന്റർനെറ്റ്, പുസ്തകങ്ങൾ, ശാസ്ത്ര | SCERT DIET SSA വിദ്യാഭ്യാസ വകുപ്പ് |

| ക്രമ നം. | പ്രോഗ്രാം | ആക്റ്റിവിറ്റി | ലക്ഷ്യം | ഡ്യൂറേഷൻ | ക്ലാസ്സ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| | ക്ലബ് എന്നിവയുടെ പ്രവർത്തനം. | നെയുള്ള പ്രവർത്തനങ്ങൾ | വികസിപ്പിക്കൽ. | | | ജ്ഞൻമാരുടെ സഹായം. ISRO Planetorium, museum, Zoo സന്ദർശനം | PTA സന്നദ്ധസംഘടനകൾ |
| 5 | ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ, സ്കൂൾ പരിസരത്തുള്ള വൃക്ഷങ്ങളുടെ ശാസ്ത്രനാമം രേഖപ്പെടുത്തൽ. ജൈവ വൈവിധ്യപാർക്ക് നിർമ്മാണം. സ്കൂൾ പരിസരം ശിശു സൗഹാർദ്ദ പരമാക്കൽ. | സ്കൂൾ പരിസരത്തുള്ള സസ്യങ്ങൾ, ജന്തുക്കൾ വൃക്ഷങ്ങൾ എന്നിവയുടെ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ. സ്കൂളിന്റെ ചുറ്റുമുള്ള വൃക്ഷങ്ങൾ ശാസ്ത്രനാമം രേഖപ്പെടുത്തൽ. ഫലവൃക്ഷങ്ങൾ, ആകർഷകമായ രീതിയിൽ മൃഗങ്ങളുടെ മോഡൽ സ്ഥാപിക്കുക, പ്രകൃതിയുടെ തനതായ സൗന്ദര്യം നിലനിർത്തിക്കൊണ്ടു തന്നെ നാടൻ ഇനങ്ങൾ വച്ചു പിടിപ്പിക്കുക. | പരിസ്ഥിതി സംരക്ഷിക്കൽ, ജൈവവൈവിധ്യ ശോഷണം തടയൽ, സംരക്ഷണം, സഹജീവി മനോഭാവം സൃഷ്ടിക്കൽ, ജീവിത നൈപുണികൾ വളർത്തിക്കൊണ്ടു വരിക. | ദീർഘകാലം | UP & HS | സസ്യങ്ങൾ, ജന്തുക്കളുടെ മോഡലുകൾ, പുസ്തകങ്ങൾ, സി.ഡി, ലൈബ്രറി, etc. . . | PTA SCERT SSA, സാമൂഹ്യ സംഘടനകൾ, പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ്. . . . |
| | പഠനത്തിൽ നിന്ന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശ്രദ്ധ, നവപ്രഭ എന്നിങ്ങനെയുള്ള പരിപാടികൾ | ഈ പ്രവർത്തനങ്ങൾ കൊണ്ടുള്ള നേട്ടങ്ങളുടെ Follow up feed back എന്നിവ സമൂഹത്തിൽ നിന്ന് വിലയിരുത്താം. | എല്ലാവർക്കും പഠനേതര പുരോഗതി. അങ്ങനെ സ്കൂൾ വിദ്യാഭ്യാസം കഴിയുന്ന കുട്ടികളെ സമൂഹത്തിൽ ഒരുത്തമ പൗരനായി എല്ലാ മേഖലകളിലും അവനവന്റെ കഴിവുകൾ പ്രകടിപ്പിക്കാനുതകുന്ന ഒരു ഉത്തമ വ്യക്തിയായി വളർത്താം. | | | | |

# സോഷ്യൽ സയൻസ്

## പൊതുലക്ഷ്യങ്ങൾ

1. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക.
2. സാമൂഹ്യശാസ്ത്ര അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറി കടക്കുവാൻ പിന്തുണ നൽകുക.
3. സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും കഴിവും മനോഭാവവും വളർത്തുക.
4. സാമൂഹ്യശാസ്ത്ര പഠനത്തിൽ ICT യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
5. സാമൂഹിക ശാസ്ത്ര ലാബ് സജ്ജമാക്കുക.
6. ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുക.
7. അധ്യാപക ശാക്തീകരണം.
8. സാമൂഹ്യ ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
9. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക.
10. സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യവിശകലനശേഷി, enquiry skill ഇവ എല്ലാ കുട്ടികളും വികസിപ്പിക്കുക.
11. സാമൂഹ്യശാസ്ത്ര ലൈബ്രറി തയ്യാറാക്കുക.

## പ്രവർത്തനങ്ങൾ

1. Std. V, VI, VII, VIII, IX, X എന്നിവയിൽ കരിക്കുലം ലക്ഷ്യം വയ്ക്കുന്ന എല്ലാ പഠനനേട്ടങ്ങളും കുട്ടികൾക്ക് ലഭ്യമായി എന്ന് ഉറപ്പ് വരുത്തുന്നു. ഓരോ പാഠഭാഗത്തെയും പഠനനേട്ടങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനായി Lession plan ഉം Teaching Manual ഉം തയ്യാറാക്കുന്നു. ഓരോ പാഠഭാഗത്തിന് ശേഷവും വിലയിരുത്തൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികളെ വ്യക്തിഗതമായി വിലയിരുത്തുന്നു. CE വിലയിരുത്തലും TE വിലയിരുത്തലും പ്രത്യേകം പ്രത്യേകം നടത്തുന്നു.

2. സാമൂഹ്യശാസ്ത്രത്തിലെ പല അടിസ്ഥാന ആശയങ്ങളും സ്വായത്തമാക്കുന്നതിൽ ചില വിദ്യാർത്ഥികൾക്ക് പരിമിതി ഉണ്ട്. ഉദാ:- അഞ്ചാം ക്ലാസ്സിൽ - ദിക്കുകൾ, കാലഗണന, അക്ഷാംശ - രേഖാംശ രേഖകൾ, പ്രാചീന, മധ്യ, ആധുനിക കാലഘട്ടവേർതിരിവുകൾ, ഇത്തരം ആശയങ്ങൾ ICT സാധ്യതകൾ പ്രയോജനപ്പെടുത്തിയും പ്രത്യേക Teaching aid കൾ തയ്യാറാക്കിയും വിദ്യാർത്ഥികളിൽ ഉറപ്പിക്കുന്നു.

3. സമൂഹത്തെയും നാം വസിക്കുന്ന ഭൂമിയെയും ഒരു വിദ്യാർത്ഥി നന്നായി അറിയേണ്ടതുണ്ട്. അതിനായി Field visit കൾ നടത്തുന്നു. സമീപ പ്രദേശങ്ങളിലെ തണ്ണീർത്തടങ്ങൾ സന്ദർശിക്കുക, കുളങ്ങളും പരിസരങ്ങളും വൃത്തിയാക്കുക, പൊതുപരിസരത്തിന്റെ മലിനാവസ്ഥയുടെ അളവ് മനസ്സിലാക്കാനുള്ള സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുക, ഗൃഹങ്ങൾ

4. ഒരു പാഠഭാഗം പൂർത്തിയാക്കുന്നതിനിടയിൽ ഒരിക്കലെങ്കിലും ICT സാധ്യതകൾ ഉപയോഗിക്കുക.

ഉദാ.- പത്താം ക്ലാസ്സിലെ ഫ്രഞ്ച് വിപ്ലവം, റഷ്യൻ വിപ്ലവം, അമേരിക്കൻ സ്വാതന്ത്ര്യസമരം തുടങ്ങിയവ വീഡിയോ ക്ലിപ്പിങ്ങുകളിലൂടെ കുട്ടികളെ പരിചയപ്പെടുത്താം. അത് വിപ്ലവ കാലഘട്ടങ്ങളിലെ സാമൂഹിക ജീവിതം മനസ്സിലാക്കാൻ വിദ്യാർത്ഥികളെ സഹായിക്കും.

ഭൂമിയുടെ ഭ്രമണം, പരിക്രമണം, ഋതുക്കൾ, കോറിയോലിസ് പ്രഭാവം തുടങ്ങിയ ICT സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളിൽ എത്തിക്കുക.

5. സാമൂഹ്യ ശാസ്ത്രപാഠങ്ങളുടെ നല്ലവിനിമയത്തിന് സജ്ജീകരണങ്ങളോടുകൂടിയ ഒരു ലാബ് അത്യാവശ്യമാണ്. അതിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടവ :

- അടച്ചുറപ്പുള്ള ഒരു മുറി
- ഫാൻ, ലൈറ്റ് സംവിധാനം.
- ഇന്റർനെറ്റ് സൗകര്യമുള്ള ഒരു കമ്പ്യൂട്ടറും, പ്രൊജക്ടറും സ്ക്രീനും.
- വിവിധ ടോപ്പിക്കുൾ വിനിമയം ചെയ്യാനുള്ള സി.ഡികൾ.
- വിവിധ മണ്ണിനങ്ങൾ, പാറകൾ എന്നിവയുടെ ശേഖരം.
- എല്ലാത്തരം മാപ്പുകൾ, അവ തൂക്കി സൂക്ഷിക്കുവാനുള്ള ഹോൾഡറുകൾ.
- മഹത് വ്യക്തികളുടെ ചിത്രങ്ങൾ.

6. എസ്.എസ്.ലാബിനോടൊപ്പം ഒരു ഡിജിറ്റൽ ലൈബ്രറികൂടി ഒരുക്കുക. പാഠഭാഗങ്ങളും (ടെസ്റ്റ് ബുക്ക്), Teacher Text, Reference ബുക്കുകൾ എല്ലാം ഇന്റർനെറ്റ് സഹായത്തോടുകൂടി ലഭ്യമാക്കുക. ആവശ്യമായ വിവരങ്ങൾ, കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ ആൽബം തുടങ്ങിയവ ലഭ്യമാക്കുക.

7. അദ്ധ്യാപകശക്തീകരണം - SSA, RMSA വഴി നടത്തപ്പെടുന്ന അദ്ധ്യാപക പരിശീലനങ്ങൾ ഫലപ്രദമാക്കുക.

- പരിശീലനങ്ങളിൽ Subject expert കളെ ഉൾപ്പെടുത്തുക.
- Hard sport കൾ വിനിമയം ചെയ്യാൻ പറ്റുന്ന തരത്തിൽ പരിശീലനം തയ്യാറാക്കുക.
- TM, Unit plan എന്നിവ സമഗ്രയിലൂടെ ലഭ്യമാക്കുക.

8. എസ്.എസ്.ലൈബ്രറി - പാഠഭാഗങ്ങൾ വിനിമയം ചെയ്യാനും കുട്ടികൾക്ക് സ്വയം സഹായകമാകാനും പറ്റുന്ന തരത്തിലുള്ള റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുക.

# സോഷ്യൽ സയൻസ്

| SL. NO | AIM | ACTIVITY | DURATION | RESPON-SIBILITY | FINANCIAL SUPPORT |
|---|---|---|---|---|---|
| 1 | പഠന നേട്ടങ്ങൾ Scheme of work അനുസരിച്ച് നേടിയെടുക്കുക. | V, VI, VII, VIII, IX, X എന്നിവയിലെ പാഠഭാഗങ്ങൾ കരിക്കുലം ലക്ഷ്യം വയ്ക്കുന്ന പഠന നേട്ടങ്ങൾ നേടുന്ന വിധത്തിൽ വിനിമയം ചെയ്യുന്നു. | Scheme of work അനുസരിച്ച് | Teacher | |
| 2 | ICT സാധ്യതകൾ വഴി പാഠഭാഗങ്ങൾ കുട്ടികളിൽ എത്തിക്കുക. | പാഠഭാഗങ്ങൾ IT അധിഷ്ഠിതമായി തയ്യാറാക്കൽ. | One year | RMSA, Teacher | RMSA |
